# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *146 05.02.2019 -ലെ മറുപടിയ്ക്ക്

## ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പാഠ്യപദ്ധതി

*ചോദ്യം*

പ്രൊഫ. കെ. യു. അരുണൻ
ശ്രീ. എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ
ശ്രീമതി. പി. അയിഷാ പോറ്റി

*ഉത്തരം*

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ബിരുദധാരികളുടെയും ബിരുദാനന്തര ബിരുദധാരികളുടെയും ഗവേഷക വിദ്യാർത്ഥികളുടെയും എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായെങ്കിലും തദനുസൃതമായി വൈജ്ഞാനിക രംഗത്തും ഉല്പാദന മേഖലയിലും മികവുണ്ടാക്കാൻ സാധിക്കാതെ പോയതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസരംഗം സമഗ്രമായി പുനഃസംഘടിപ്പിക്കുമോ; | (എ) | ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; 'റൂസ' പ്രകാരമുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് | (ബി) | സംസ്ഥാനത്തെ ആർട്സ് & സയൻസ് കോളേജുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾക്ക് 8.5 കോടി രൂപ വീതവും 5 പൈതൃക കോളേജുകൾക്ക് 30 കോടി രൂപ വീതവും 10 പുതിയ കോളേജുകൾക്ക് 10 കോടി രൂപ വീതവും, പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 27 സർക്കാർ കോളേജുകൾക്ക് |

| | | | |
|---|---|---|---|
| | വെളിപ്പെടുത്താമോ; | | 257,85,23,490/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2018-19 സാമ്പത്തിക വർഷം വിവിധ പ്ലാൻ സ്കീമുകളിലായി 5075 ലക്ഷം രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>റൂസ-1 പദ്ധതി പ്രകാരം കേരളത്തിലെ 6 യൂണിവേഴ്സിറ്റികൾക്ക് ഘടകം 3-ൽ ഉൾപ്പെടുത്തി (Component 3) 20 കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായും, 21 ഗവൺമെന്റ് കോളേജുകൾക്ക് 2 കോടി രൂപ വീതം അടിസ്ഥാന സൗകര്യ വികസനത്തിനായി ഘടകം 7 ൽ ഉൾപ്പെടുത്തി (Component 7) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. മാതൃകാ കോളേജ് പദ്ധതിയിൽ (Component 5) ഉൾപ്പെടുത്തി മൂന്നാർ ഗവൺമെന്റ് കോളേജിന് 4 കോടി രൂപയും, ഫാക്കൽറ്റി ഇംപ്രൂവ്മെന്റിന് ഘടകം 11-ൽ ഉൾപ്പെടുത്തി (Component 11) 1 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. റൂസ-2 പ്രകാരം 99 കോളേജുകൾക്ക് ഘടകം 9-ൽ ഉൾപ്പെടുത്തി (Component 9) 2 കോടി രൂപ വീതം ധനസഹായം ലഭിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഉയർന്ന NAAC ഗ്രേഡുള്ള സ്വയംഭരണ കോളേജുകളെ ഗുണനിലവാരമുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതി (Component 8) പ്രകാരം സംസ്ഥാനത്തെ 5 സ്വയംഭരണ കോളേജുകൾക്ക് **5** കോടി രൂപ വീതം ലഭിക്കുന്ന പദ്ധതിക്കും റൂസ 2 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br><br><u>റൂസ പദ്ധതി പ്രകാരം നിലവിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.</u> |

| | | | |
|---|---|---|---|
| | | | • യൂണിവേഴ്സിറ്റികൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം – നിലവിൽ 6 യൂണിവേഴ്സിറ്റികൾക്ക് 20 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതി.<br><br>• കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം – നിലവിൽ 2 കോടി രൂപ വീതം 20 ഗവ. കോളേജുകൾക്ക് ലഭിക്കുന്ന പദ്ധതി. റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ അർഹരായ മുഴുവൻ ഗവൺമെന്റ് & എയ്ഡഡ് കോളേജുകളെയും പദ്ധതിയിൽ അംഗമാക്കുന്നതിനും തുക അതാത് കോളേജുകൾക്ക് നല്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>• കേരള സർവ്വകലാശാലയിലെ യു.ജി.സി.- അക്കാദമിക് സ്റ്റാഫ് കോളേജിന് അധ്യാപക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിക്കായി 1 കോടി രൂപ ലഭിക്കുന്ന പദ്ധതി.<br><br>• സർവ്വകലാശാലകൾ / കോളേജുകൾ സംഘടിപ്പിക്കുന്ന അന്തർദേശീയ - ദേശീയ സെമിനാറുകൾ, ശില്പശാലകൾ എന്നിവക്ക് സാമ്പത്തിക സഹായം.<br><br>• മാതൃകാ കോളേജ് പദ്ധതി പ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ ഗവ. കോളേജിന്, 4 കോടി രൂപ ലഭിക്കുന്ന പദ്ധതി.<br><br>• സംസ്ഥാനത്തെ മുഴുവൻ സർക്കാർ കോളേജുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് പദ്ധതി - നിലവിൽ 18 ഗവ. കോളേജുകളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>• സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഇ- ജേർണലും ലാപ്ടോപ്പും നല്കി അക്കാദമിക ഗുണനിലവാരം ഉയർത്തുന്നതിനുള്ള പദ്ധതി.<br><br>• 33 ഗവ. ആർട്ട്സ് & സയൻസ് കോളേജുകളിൽ |

| | | | |
|---|---|---|---|
| | | | സ്ത്രീ സൗഹൃദ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി. നിലവിൽ 27 കോളേജുകളിലെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br>• സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 40 ഗവ. കോളേജുകളിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്ന വിധത്തിൽ തയ്യാറാക്കിയ പ്രത്യേക ലാപ്ടോപ്പും, സോഫ്റ്റ് വെയറും നല്കുന്ന പദ്ധതി.<br>• 'ശാസ്ത്രയാൻ പദ്ധതി 2018'- സർവ്വകലാശാലകളിലെയും കോളേജുകളിലെയും ഗവേഷണനേട്ടങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നൂതന പദ്ധതി. പദ്ധതിയുടെ 1-ാം ഘട്ടത്തിൽ സംസ്ഥാനത്തെ 42 സ്ഥാപനങ്ങളെ പങ്കാളികളാക്കി.<br>• റൂസ 2-ാം ഘട്ടവുമായി ബന്ധപ്പെട്ട് സർവ്വകലാശാലകളിലെ ഗവേഷണ നിലവാരം ഉയർത്തുന്ന പദ്ധതിയുടെ (Component 10) ഭാഗമായി സംസ്ഥാനത്തെ 2 സർവ്വകലാശാലകൾക്ക്, മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും കുസാറ്റിനും 50 കോടി രൂപ വീതം ലഭിക്കുന്ന പദ്ധതി. |
| (സി) | ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പാഠ്യപദ്ധതി വൈജ്ഞാനിക വികാസത്തിനനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | സർവകലാശാലകളിലും കോളേജുകളിലും ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്ന അധ്യാപക തസ്തികകളിൽ നിയമനം നടത്താൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; | (ഡി) | സർക്കാർ കോളേജുകളിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാലകളിലെ അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ യു.ജി.സി.യുടെ നിർദ്ദേശ പ്രകാരം താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. റിസർവേഷനുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ |

| | | | |
|---|---|---|---|
| | | | പരിഗണനയിലുള്ളതാണ് കാരണം. തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാലയിലെ നിലവിലുള്ള ഒഴിവുകളിലേയ്ക്കുള്ള നിയമന വിജ്ഞാപനത്തെ ചോദ്യം ചെയ്ത് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ താൽകാലികമായി നിർത്തി വച്ചിരിക്കുകയാണ്. |
| (ഇ) | സാമൂഹ്യ പ്രതിബദ്ധതയുള്ള പുതുതലമുറയെ വാർത്തെടുക്കേണ്ട അധ്യാപകർ പ്രളയാനന്തര പുനർ നിർമ്മാണത്തിൽ എത്രമാത്രം സാമൂഹ്യ പ്രതിബദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഇ) | സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അദ്ധ്യാപകരും വിദ്യാർത്ഥികളും ദുരിതാശ്വാസ ക്യമ്പുകളിലെയും കളക്ഷൻ ക്യാമ്പുകളിലെയും പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അദ്ധ്യാപകർ സാലറി ചലഞ്ചിലും, പ്രളയാനന്തര പുനർനിർമ്മാണത്തിലും പങ്കെടുത്തിട്ടുണ്ട്. ക്യാമ്പുകൾക്ക് ശേഷം നടന്ന ശുചീകരണ പ്രവർത്തനങ്ങളിലും സർവ്വകലാശാല അദ്ധ്യാപകർ സജീവ പങ്കാളികളായിരുന്നു. 66 ആർട്സ് & സയൻസ് കോളേജുകളും 4 മ്യൂസിക് കോളേജുകളും ട്രെയിനിംഗ് കോളേജുകളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. തൃശ്ശൂർ, ചാലക്കുടി, തൃപ്പൂണിത്തുറ, കോട്ടയം, മലപ്പുറം എന്നീ ഗവൺമെന്റ് കോളേജുകൾ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ടി കോളേജുകളിലേയും, സമീപ പ്രദേശങ്ങളിലേയും കോളേജുകളിലെ അദ്ധ്യാപകർ, പി.ടി.എ.യുടെയും, പ്രിൻസിപ്പാളിന്റെയും നേതൃത്വത്തിൽ മികവുറ്റ പ്രവർത്തനം നടത്തിയിട്ടുണ്ട്. പ്രളയാനന്തര പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം സംസ്കൃത കോളേജ്, പെരിങ്ങോം ഗവൺമെന്റ് കോളേജ്, തിരുവനന്തപുരം വനിത കോളേജ് എന്നീ സ്ഥാപനങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കുള്ള കളക്ഷൻ സെന്ററായി പ്രവർത്തിക്കുകയും, ഈ കോളേജുകളിലെയും സമീപ കോളേജുകളിലെയും അദ്ധ്യാപകരും വിദ്യാർത്ഥികളും മറ്റ് ജീവനക്കാരും ഭക്ഷണ പദാർത്ഥങ്ങളും വസ്ത്രങ്ങളും പ്രത്യേകം പ്രത്യേകം പാക്കറ്റുകളിലാക്കുകയും ദുരിതാശ്വാസ ക്യമ്പുകളിൽ എത്തിച്ച് കൊടുക്കുകയും, ക്യാമ്പ് അവസാനിക്കുന്നത് വരെ സജീവമായി സന്നദ്ധ പ്രവർത്തനം നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ